സി.ജി(2) 12024/08

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 25 /3/2013

**Email :** keralarcs.coop@kerala.gov.in
**Website : www.coperation.kerala.gov.in**

**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 20/2013

**വിഷയം:** **സഹകരണ വകുപ്പ് – കാർഷിക കടം എഴുതി തള്ളലും കടാശ്വാസവും 2008–ലെ കേന്ദ്ര പദ്ധതി–പുനപരിശോധന–മാർഗ്ഗ നിർദ്ദേശങ്ങൾ– സംബന്ധിച്ച്.**

**സൂചന:** **1) സഹകരണ സംഘം രജിസ്ട്രാറുടെ 41/2008 ,16/09 30/09, 45/09 നമ്പർ സർക്കുലറുകൾ.**
**2) 12.03.2013 ലെ NB.HO.CPD.GCD/2939/Revisiting ADWDRS-2008 2012-2013/നമ്പർ നബാർഡ് കത്ത്.**

.................

2008–2009 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച കാർഷിക കടം എഴുതി തള്ളലും കടാശ്വാസവും പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിരുന്നു.

1) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ(അർബൻ ബാങ്കുകൾ ഉൾപ്പെടെ) നേരിട്ട് നാമമാത്ര/ചെറുകിട/മറ്റു കൃഷിക്കാർക്ക് നൽകിയ കാർഷിക വായ്പകൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. കാർഷികാവശ്യത്തിനായി കർഷകർക്ക് നേരിട്ട് നൽകിയ ഹ്രസ്വകാല വായ്പകൾ, പദ്ധതി വായ്പകൾ, എസ്.എച്ച്.ജി(സ്വയം സഹായ സംഘങ്ങൾ), ജെ.എൽ.ജി(സംയുക്ത ബാദ്ധ്യതാ കൂട്ടായ്മകൾ) പോലെയുള്ള കർഷകരുടെ ഗ്രൂപ്പുകൾക്ക് നേരിട്ടു നൽകിയ വായ്പകൾ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. ഇപ്രകാരമുള്ള വായ്പകളിൽ ബാങ്കുകൾ കൃഷിക്കാരുടെ വ്യക്തിഗതകണക്കുകൾ സൂക്ഷിച്ചിരിക്കണം.
2) 18 മാസത്തിനകം തിരിച്ചടയ്ക്കേണ്ടതും വിളകൾ കൃഷി ചെയ്യുന്നതിനായി എടുത്തിട്ടുള്ളതുമായ കാർഷിക വായ്പകളും, പരമ്പരാഗതമോ അല്ലാത്തതോ ആയ തോട്ടകൃഷിയ്ക്കും ഉദ്യാന കൃഷിയ്ക്കും നൽകിയ ഒരു ലക്ഷത്തിലധികരിക്കാത്ത പ്രവർത്തന മൂലധന വായ്പകളേയും ഹ്രസ്വകാല കാർഷിക വായ്പകളായി പരിഗണിക്കാവുന്നതാണ്.
3) കാർഷിക ഭൂമിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി നൽകിയ മൂലധന നിക്ഷേപ പദ്ധതി വായ്പയും (പുതിയ കിണർ കുഴിക്കുക, നിലവിലുള്ള

കിണറിന്റെ ആഴം കൂട്ടുക, പമ്പ് സെറ്റ് സ്ഥാപിക്കുക, ട്രാക്ടർ, കാള തുടങ്ങിയവ വാങ്ങിക്കുക, ഉപയോഗ ശൂന്യമായ ആസ്തി മാറ്റി സ്ഥാപിക്കൽ മുതലായവ) പരമ്പരാഗതവും അല്ലാത്തതുമായ തോട്ടകൃഷി, പൂന്തോട്ട കൃഷി, തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടി നൽകിയ ദീർഘകാല വായ്പകളും ആനുകൂല്യത്തിന് പരിഗണിക്കാവുന്നതാണ്.

4) കൂടാതെ ക്ഷീര വികസനം, കോഴി, ആട്, ചെമ്മരിയാട്, പന്നിവളർത്തൽ, തേനീച്ച വളർത്തൽ ഗ്രീൻ ഹൗസ്, ജൈവ വാതകം തുടങ്ങിയ കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് നൽകിയ പദ്ധതി വായ്പകൾക്കും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

5) കർഷകർക്ക് ഹ്രസ്വകാല കാർഷിക വിള വായ്പ നൽകുകയും, കേന്ദ്ര സർക്കാരിന്റെ 2% പലിശയിളവ് പദ്ധതിയ്ക്ക് അർഹരായിരിക്കുകയും, റിസർവ്വ് ബാങ്കിന്റെയോ, നബാർഡിന്റെയോ നിയന്ത്രണത്തിലോ മേൽനോട്ടത്തിലോ ബാങ്കിംഗ് പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ വിതരണം ചെയ്ത വായ്പകളാണ് ആനുകൂല്യത്തിനായി പരിഗണിക്കുന്നത്.

6) കടം എഴുതിതള്ളൽ/കടാശ്വാസം എന്നിവയുടെ അർഹത കണക്കിലെടുക്കുന്നത് ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ്. 2.5 ഏക്കർവരെയുള്ള കൃഷി ഭൂമി കൃഷി ചെയ്യുന്ന കർഷകനെ നാമമാത്ര കർഷകനെന്നും, 2.5 ഏക്കർ മുതൽ 5 ഏക്കർ വരെയുള്ള കൃഷി ഭൂമി കൃഷി ചെയ്യുന്ന കർഷകനെ ചെറുകിട കർഷകനെന്നും 5 ഏക്കറിനു മുകളിലുള്ള കൃഷി ഭൂമി കൃഷി ചെയ്യുന്ന കർഷകനെ മറ്റു കർഷകനെന്നും കണക്കാക്കേണ്ടതാണ്.(വസ്തു ഉടമസ്ഥനോ, പാട്ടക്കാരനോ, കൂട്ടുകൃഷി ചെയ്യുന്നയാളോ ആരായാലും കർഷകനെന്ന നിർവചനത്തിൽ ഉൾപ്പെടുന്നു.) വായ്പ അനുവദിക്കുന്ന സമയത്തുള്ള കൃഷി ഭൂമിയുടെ കണക്കനുസരിച്ചായിരിക്കണം മേൽ തരം തിരിവ് നടത്തേണ്ടത്. കർഷകർ തങ്ങളുടെ കൃഷി ഭൂമി ഒന്നാ–
യിയെടുത്ത് (കൂട്ടുകൃഷി) വായ്പയെടുക്കുകയാണെങ്കിൽ ആ കൂട്ടുകൃഷിയിലെ ഏറ്റവും വിസ്തീർണ്ണം കൂടിയ വസ്തുവിന്റെ അടിസ്ഥാനത്തിലാവണം ചെറുകിട/നാമമാത്ര/മറ്റു കർഷകർ എന്ന തരം തിരിവ് നടത്തേണ്ടത്.

7) കാർഷികാനുബന്ധ പദ്ധതി വായ്പകളെടുത്ത കർഷകന്റെ കാര്യത്തിൽ 50,000/– രൂപവരെ വായ്പയെടുത്തവരെ നാമമാത്ര/ ചെറുകിട കർഷകരെന്നും, 50,000/– രൂപയിൽ കൂടുതൽ വായ്പയെടുത്തവരെ മറ്റു കർഷകരെന്നും പരിഗണിക്കാവുന്നതാണ്. (ഇതിന് വസ്തുവിന്റെ അളവ് ബാധകമാക്കേണ്ടതില്ല)

8) കിസാൻ ക്രഡിറ്റ് കാർഡ് മുഖേനയെടുത്ത നേരിട്ടുള്ള കൃഷിവായ്പകളും മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്.

9) ഒരു കർഷകന്റെ പേരിലുള്ള ഹ്രസ്വ കാല കാർഷിക വായ്പയും, പദ്ധതി വായ്പയും രണ്ടായി കണക്കാവുന്നതാണ്. കൂടാതെ ഒരു കർഷകൻ രണ്ടാവശ്യങ്ങൾക്കായി രണ്ട് പദ്ധതി വായ്പയെടുത്താൽ അത് രണ്ടും രണ്ടായി കാണേണ്ടതും പദ്ധതിയുടെ ആനുകൂല്യം ഓരോ വായ്പയ്ക്കും പ്രത്യേകം കണക്കാക്കാവുന്നതുമാണ്.

10) കടം എഴുതി തള്ളുന്നതിനും കടാശ്വാസം നൽകുന്നതിനും അർഹമായ തുക താഴെ പറയുന്നവയാണ്.

**എ)** ഹ്രസ്വകാല കാർഷിക വായ്പയാണെങ്കിൽ വായ്പതുകയിൽ 29.2.2008–ൽ ബാക്കി

നിൽക്കുന്ന കുടിശ്ശിക പൂർണ്ണമായും (പലിശ ഉൾപ്പെടെ)

**ബി)** 31.3.2007 വരെ അനുവദിച്ച തുകയും ആയതിൽ 31.12.2007–ൽ കുടിശ്ശിക നിൽക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത വായ്പയുടെ 29.2.2008 ലെ ബാക്കി നിൽപ് കുടിശ്ശിക.

**സി)** **കേന്ദ്ര** സർക്കാരിന്റെ നിർദ്ദേശ പ്രകാരം 2004–ലും 2006–ലും പുനക്രമീകരിച്ചതോ, പരിഷ്കരിച്ചതോ ആയ വായ്പകൾ കുടിശികയായാലും അല്ലെങ്കിലും.

**ഡി)** പ്രകൃതി ക്ഷോഭങ്ങൾ മൂലമോ മറ്റോ റിസർവ്വ് ബാങ്ക് നിർദ്ദേശങ്ങൾക്കനുസൃതമായി 31.3.2007 വരെ സാധാരണ ഗതിയിൽ പരിഷ്കരിച്ചതോ പുനക്രമീകരിച്ചതോ ആയ വായ്പകൾ കുടിശ്ശികയായാലും അല്ലെങ്കിലും.

11) പദ്ധതി വായ്പകളുടെ കാര്യത്തിൽ 31.12.2007–ൽ കുടിശികയായ തവണ, പലിശ ഉൾപ്പെടെ ആനൂകുല്യത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ മേൽ പരാമർശിച്ച പ്രകാരം പുനക്രമീകരിച്ചതോ, പരിഷ്കരിച്ചതോ ആയ വായ്പകൾ കുടിശ്ശിക ആയാലും അല്ലെങ്കിലും ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

12) പദ്ധതി വായ്പകളുടെ കാര്യത്തിൽ പുനക്രമീകരിക്കുന്ന തീയതിയിൽ കുടിശികയായ തവണകളും, പുനക്രമീകരിക്കുന്ന വേളയിൽ കുടിശ്ശികയല്ലാതെയായിരിക്കുയും എന്നാൽ 31.12.2007–ൽ കുടിശികയാവുകയും ചെയ്യുന്ന തവണകളും മാത്രമേ കടം എഴുതി തള്ളൽ/കടാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

13) പദ്ധതി വായ്പകൾ പൂർണ്ണമായും പുനക്രമീകരിച്ച കേസുകളിൽ, പുനക്രമീകരിച്ച തീയതിയിൽ കുടിശ്ശിക ആയിരുന്ന തവണകളും, പുനക്രമീകരിക്കാതിരുന്ന തവണകളിൽ, 31.12.2007–ൽ കുടിശിക ആയ തവണകളും കടം എഴുതി തള്ളലിന്/കടാശ്വാസത്തിന് അർഹതയുണ്ടായിരിക്കും.

14) 31.3.2007 വരെ അനുവദിച്ച പദ്ധതി വായ്പകൾ നിഷ്ക്രിയ ആസ്തി(എൻ.പി.എ) ആയതോ കേസുകൊടുത്തിരിക്കുന്നതോ ആണെങ്കിൽ 31.12.2007 വരെ കുടിശ്ശികയായ തവണകൾക്ക് മാത്രമായിരിക്കും അർഹതയുണ്ടായിരിക്കുക.

15) 31.3.1997–ന് മുൻപ് നൽകിയ വായ്പ കൾ ഈ പദ്ധതിയുടെ പരിഗണനയിൽ വരുന്നതല്ല. കൂടാതെ കൊയ്യാത്ത വിളകൾ ഒഴികെയുള്ള കാർഷിക വിഭവങ്ങളുടെ ജാമ്യത്തിൽ നൽകിയ വായ്പകൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

16) നാമമാത്ര/ചെറുകിട കർഷകരുടെ കാര്യത്തിൽ അർഹമായ തുക മുഴുവനും എഴുതി തള്ളും, എന്നാൽ മറ്റ് കൃഷിക്കാരുടെ കാര്യത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടായിരിക്കും. ഇതനുസരിച്ച് അർഹമായ തുകയുടെ 75 ശതമാനം കർഷകൻ അടയ്ക്കുകയാണെങ്കിൽ 25% കടാശ്വാസം നൽകും. എന്നാൽ പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളുടെ കാര്യത്തിൽ അർഹമായ തുകയുടെ 25 ശതമാനമോ, 20,000/– രൂപയോ ഏതാണോ കൂടുതൽ ആയത് കർഷകൻ അടയ്ക്കേണ്ട 75 ശതമാനം അടയ്ക്കുകയാണെങ്കിൽ കടാശ്വാസം ലഭിക്കും.

17) പൂർണ്ണമായി വിതരണം ചെയ്യാത്ത വായ്പകളിൽ 31.3.2007 വരെ വിതരണം ചെയ്ത വായ്പകളും, അവയിൽ 31.12.2007 വരെ കുടിശികയായ വായ്പയിൽ, 29.2.2008–ൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽപ്പുള്ളതുമായ വായ്പയാണ് അർഹതപ്പെട്ട തുകയായി കണക്കാക്കുന്നത്.

18) സഹകരണ സംഘം/ബാങ്ക് കടം എഴുതി തള്ളലിന് അർഹരായ നാമമാത്ര/ചെറുകിട കർഷകരുടെയും, കടാശ്വാസത്തിന് അർഹരായ മറ്റ് കർഷകരുടെയും പട്ടിക നബാർഡ് തയ്യാറാക്കി നൽകിയിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കേണ്ടതും ആയത് 30.6.2008–ന് മുമ്പായി സംഘം/ബാങ്ക് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

19) മുതലിനെ അധികരിച്ച് പലിശയോ, കൂടാതെ പിഴപലിശയോ ലീഗൽ ചാർജ്, ഇൻസ്പെക്ഷൻ ചാർജ്, മറ്റ് അനാമത്ത് ചെലവുകൾ എന്ന പേരിൽ യാതൊരു തുകയും കേന്ദ്ര ഗവൺമെന്റിൽ നിന്നോ, കൃഷിക്കാരനിൽ നിന്നോ ഈടാക്കാൻ പാടുള്ളതല്ല. മേൽ ചാർജ്ജുകൾ/പലിശ എല്ലാം തന്നെ വായ്പാ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

20) 2006 ഏപ്രിൽ 1–ന് ശേഷം വിതരണം ചെയ്ത കാർഷിക വായ്പകൾക്ക് 7%–ൽ അധികരിക്കാതെ പലിശ കണക്കാക്കേണ്ടതാണ്. 7%–ൽ അധികരിച്ച് വായ്പ നൽകിയിട്ടുണ്ടെങ്കിൽ ആയത് സംഘം തന്നെ വഹിക്കേണ്ടതാണ്.

21) 2006 ഏപ്രിൽ 1–ന് ശേഷം സ്വർണ്ണത്തിന്റെ ഈടിന്മേൽ നൽകിയ കാർഷിക വായ്പകൾക്ക് യാതൊരു കാരണവശാലും 7%–ൽ അധികരിച്ച് പലിശ ഈടാക്കാൻ പാടുള്ളതല്ല.

22) എഴുതി തള്ളിയ തുകയ്ക്ക് തുല്യമായ പുതിയ വായ്പയ്ക്ക് നാമമാത്ര/ചെറുകിട കർഷകൻ അർഹനായിരിക്കും.

23) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ചുള്ള ആനുകൂല്യത്തിന് അർഹ രായ മറ്റു കർഷകർ തങ്ങളുടെ വിഹിതം അടച്ചു കൊള്ളാമെന്നുള്ള ഒരു സമ്മത പത്രം നൽകേണ്ടതും, അർഹമായ തുകയിൽ നിന്നും കടാശ്വാസം കുറച്ച തുക 30.9.2008, 31.3.2009, 30.6.2009 എന്നീ മൂന്ന് തവണകളായി അടയ്ക്കേണ്ടതും, ആദ്യ രണ്ട് തവണകളുടെ ആകെ തുക അയാളുടെ വിഹിതത്തിൽ 1/3–ൽ കുറയാനും പാടുള്ളതല്ല.

എന്നാൽ വായ്പക്കാരന് കടാശ്വാസമായി ലഭിക്കുന്ന 25 ശതമാനം കഴിച്ചുള്ള ടി തുക (75 ശതമാനം) 31.12.2009–ന് മുമ്പായി ഒറ്റത്തവണയായി അടച്ച് ആനുകൂല്യ ത്തിന് അർഹത നേടാവുന്നതാണെന്നും സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിരുന്നു.

24) ഹ്രസ്വകാല കാർഷിക വായ്പയുടെ കാര്യത്തിൽ അവനവന്റെ വിഹിതത്തിന്റെ 1/3 അടച്ചു കഴിഞ്ഞാൽ 'മറ്റ് കർഷകൻ' പുതിയ വായ്പയ്ക്ക് അർഹനാകുന്ന താണ്.

25) എന്നാൽ പദ്ധതി വായ്പയുടെ കാര്യത്തിൽ (കാർഷികവും/കാർഷികാനു–ബന്ധവും) മറ്റ് കർഷകൻ അവനവന്റെ വിഹിതം മുഴുവനും അടച്ചു കഴിഞ്ഞാൽ മാത്രമേ പുതിയ വായ്പയ്ക്ക് അർഹത നേടു.

26) സംഘങ്ങൾ/ബാങ്കുകൾ എഴുതി തള്ളലിന് അർഹമായി കണക്കാക്കിയ തുകയി ന്മേൽ 29.2.2008–ന് ശേഷം പലിശ കണക്കാക്കാൻ പാടില്ല. എന്നാൽ 31.12.2009 നോ അതിന് മുമ്പോ അർഹമായ തുകയുടെ വിഹിതം അടയ്ക്കാതെ കുടിശ്ശിക വരുത്തുകയും ഒ.റ്റി.എസ് ആനുകൂല്യത്തിന് അനർഹരായി തീരുകയും ചെയ്യുന്ന മറ്റ് കർഷകന്റെ കാര്യത്തിൽ 1.07.2009 മുതൽ വായ്പാ കണക്ക് അവസാനിപ്പി ക്കുന്ന തീയതിവരെ സാധാരണ പലിശ സംഘത്തിന്/ബാങ്കിന് കണക്കാക്കാവു ന്നതാണ്. എന്നാൽ അർഹതയുള്ളതായി കണ്ടെത്തിയ തുകയിന്മേൽ 29.2.2008 മുതൽ 30.6.2009 വരെ പലിശ ഈടാക്കാൻ പാടില്ലാത്തതുമാണ്.

27) 31.12.2007–ന് ശേഷം കുടിശികയാവുന്ന പദ്ധതി വായ്പയുടെ തവണകൾ പലിശ സഹിതം തിരിച്ച് പിടിയ്ക്കാൻ ബാങ്കുകൾക്ക്/സംഘങ്ങൾക്ക് അധികാരമുണ്ടാ യിരിക്കും.

28) കടം എഴുതി തള്ളിയത്/ കടാശ്വാസം നൽകിയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് സംഘം/ബാങ്ക് 'കർഷകന് നൽകേണ്ടതും' ആയത് ലഭിച്ചതായി കർഷകനിൽ നിന്ന് ഒപ്പ് വാങ്ങേണ്ടതുമാണ്.

29) ഈ പദ്ധതി സംബന്ധിച്ച് സമർപ്പി ക്കുന്ന പട്ടികകളുടെ കൃത്യതയുടേയും സത്യസന്ധതയുടെയും കാര്യത്തിൽ സംഘങ്ങൾ/ബാങ്കുകൾ ഉത്തരവാദികളാ യിരിക്കുന്നതാണ്. ടി പട്ടികയിൽ സംഘത്തിന്റെ/ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും ഔദ്യോഗിക നാമവും ഉണ്ടായിരിക്കേണ്ടതാണ്.

30) ഓരോ ബാങ്കും ഓന്നോ അതിലധികമോ തർക്ക പരിഹാര ഓഫീസർമാരെ നിയമിക്കേണ്ടതാണ്. ടി ഓഫീസർമാരുടെ പേരും മേൽ വിലാസവും സംഘത്തിന്റെ/ബാങ്കിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. കർഷകരിൽ നിന്നും ടി ഗ്രീവൻസ് സെല്ലിൽ ലഭിക്കുന്ന പരാതികളിൽ പ്രസ്തുത സെല്ല് പരിഹാരം കാണേണ്ടതാണ്.

31) കർഷകന്റെ പേര് രണ്ട് പട്ടികയിലും ഉൾപ്പെട്ടില്ലെന്നോ അഥവാ അത് തെറ്റായ പട്ടികയിലാണ് ഉൾപ്പെട്ടതെന്നോ, കടാശ്വാസം തെറ്റായ രീതിയിലാണ് കണക്കാ ക്കിയതെന്നോ അഭിപ്രായമുള്ളവർ ഒരു പരാതി തയ്യാറാക്കി തർക്ക പരിഹാര ഉദ്യോഗസ്ഥന് 31.1.2010–ന് മുമ്പ് സമർപ്പിക്കാവുന്നതും ടിയാൻ പരാതി ലഭിച്ച് അതിന്മേൽ 30 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതുമാണ്.

32) ബാങ്ക്/സംഘം ആനുകൂല്യത്തിനായി തയ്യാറാക്കി സമർപ്പിക്കുന്ന പട്ടികയിന്മേൽ ബന്ധപ്പെട്ട വകുപ്പ് തല ആഡിറ്റർമാർ/ഇൻസ്പെക്ടർ പരിശോധന നടത്തേ ണ്ടതും കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

33) ജില്ലാ തലത്തിൽ ഉപദേശക സമിതികൾ രൂപീകരിക്കേണ്ടതും ടി ഉപദേശക സമിതികളിൽ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ) അംഗമായിരിക്കുന്നതു മാണ്. ടിയാൻ തന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ നബാർഡ് മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി, ഗുണഭോക്താക്കളുടെ ലിസ്റ്റ് 20.6.2008 നകം തന്നെ തയ്യാറാക്കുന്നതിന് നേതൃത്വം നൽകേണ്ടതും, തന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ, സംഘങ്ങൾക്ക് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

34) ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും സഹകരണ സംഘം ഇൻസ്പെക്ടർമാരും, ഈ പദ്ധതി പരാതി രഹിതമായി നടപ്പിലാക്കുന്ന തിനും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതുമാണ്. ടിയാൻ തന്റെ ഭരണ ചുമതലയിലുള്ള സംഘങ്ങൾ നിർബന്ധമായും സന്ദർശിക്കുകയും, പദ്ധതിയുടെ പുരോഗതി വിലയിരുത്തുക യം, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

ആഡിറ്റ് വിഭാഗം ജോയിന്റ് രജിസ്ട്രാറും, അസിസ്റ്റന്റ് രജിസ്ട്രാർമാരും, സംഘം തയ്യാറാക്കി സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ഉടൻ തന്നെ വസ്തുതാപര മായും നബാർഡ് മാർഗ്ഗ രേഖകൾക്കും, മറ്റും വിധേയമായി പരിശോധിച്ച് നൽകേണ്ടതും, എപ്രകാരമാണെങ്കിലും ജൂൺ 25–നകം പരിശോധന/ആഡിറ്റ് പൂർത്തിയാക്കേണ്ടതുമാണെന്ന് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയി രുന്നു.

ടി പദ്ധതിയിൻ കീഴിൽ ആനുകൂല്യം ലഭ്യമായതും/ലഭ്യമാകേണ്ടിയിരുന്നതുമായ എല്ലാ വായ്പകളിൻമേലും പുനപരിശോധന നടത്തണമെന്ന് സൂചന (2) പ്രകാരം നബാർഡ് അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുനപരിശോധന സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കേന്ദ്ര കാർഷിക കടം എഴുതി തള്ളലും കടാശ്വാസവും പദ്ധതി 2008– സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് നബാർഡും സഹകരണ സംഘം രജിസ്ട്രാറും പുറപ്പെടുവിച്ചിരുന്ന മാർഗ്ഗ നിർദ്ദേ ശങ്ങളിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി **<u>ആനുകൂല്യത്തിന് അർഹതയു ള്ളവരെയും ഇതിനോടകം ആനുകൂല്യം ലഭ്യമായവരേയും ഉൾപ്പെടുത്തി ആനു കൂല്യപട്ടിക സംഘം/ബാങ്ക്</u>** ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ കളിൽ തയ്യാറാക്കേണ്ടതും ആയത് ബന്ധപ്പെട്ട സംഘം/ബാങ്ക് ഉദ്യോഗസ്ഥർ നിശ്ചിത തീയതിയ്ക്കകം സാക്ഷ്യപ്പെടുത്തി വകുപ്പ് തല ഉദ്യോഗസ്ഥന്/ ആഡിറ്റർക്ക് പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

ടി പട്ടികയിൻമേൽ വകുപ്പ് തല ആഡിറ്റർ പരിശോധന നടത്തി അർഹത ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

വായ്പാ അക്കൗണ്ടുകളിൽ ഒരിക്കൽ പരിശോധന (പ്രീ ആഡിറ്റ്) നടത്തി യിരുന്ന ഉദ്യോഗസ്ഥനെയല്ലാ പുനപരിശോധനയ്ക്ക് (പോസ്റ്റ്/ആഡിറ്റ്) ചുമതല പ്പെടുത്തുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്.

അനുബന്ധമായി ചേർത്തിട്ടുള്ള പ്രൊഫോർമകളിൽ സംഘം/ബാങ്ക് തയ്യാറാക്കുന്ന പട്ടികകളിൻമേൽ ബന്ധപ്പെട്ട സംഘം/ബാങ്ക് ഉദ്യോഗസ്ഥനും വകുപ്പ് തല ആഡിറ്ററും സാക്ഷ്യപ്പെടുത്തൽ വരുത്തിയ ശേഷം നിശ്ചിത തീയതി യ്ക്കകം പ്രൊഫോർമാ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിന്

കൈമാറേണ്ടതും, ജില്ലാ സഹകരണ ബാങ്കുകൾ തങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി സംസ്ഥാന സഹകരണ ബാങ്കിന് നൽകേണ്ടതും, സംസ്ഥാന സഹകരണ ബാങ്ക് സാക്ഷ്യപ്പെടുത്തി ടി വിവരങ്ങൾ നബാർഡിന് നൽകേണ്ടതുമാണ്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഇതേ മാതൃകയിൽ വിവരങ്ങൾ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് നൽകേണ്ടതും, ടി ബാങ്ക് വിവരങ്ങൾ നബാർഡിന് നൽകേണ്ടതുമാണ്.

ടി പദ്ധതിയിൻകീഴിൽ ആനുകുല്യത്തിന് അർഹതയുള്ള ഒരാൾപോലും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും, അനർഹരായവർ ആനുകുല്യം നേടിയിട്ടില്ലായെന്നും സംഘം/ബാങ്ക് ചീഫ് എക്സിക്യൂട്ടിവ് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. വകുപ്പ് തല പരിശോധനയിലോ മറ്റേതെങ്കിലും പരിശോധനകളിലോ പിന്നീട് പിഴവുകൾ കണ്ടെത്തുകയാണെങ്കിൽ ആയതിന് സംഘം/ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് മാത്രമായിരിക്കും ഉത്തരവാദിയെന്നും, ടിയാനെതിരെ ക്രിമിനൽ നടപടി ഉൾപ്പെടെയുള്ള ശിക്ഷ നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്നും ഓർമ്മിപ്പിക്കുന്നു.

കർഷകർക്കും, സഹകരണ സ്ഥാപനങ്ങൾക്കും ഗുണകരമായ ഈ പദ്ധതിയുടെ വിജയത്തിന് സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പങ്ക് വളരെ വലുതാണ്. ഈ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി സമയ ബന്ധിതമായി പദ്ധതി പുനപരിശോധന നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് ഉദ്യോഗസ്ഥൻമാർ കൈകൊള്ളേണ്ടതും, ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ ഗുരുതരമായി വീക്ഷിക്കുന്നതാണെന്നും അറിയിക്കുന്നു.

അനുബന്ധം 1 മുതൽ 8 വരെ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**ഒപ്പ്,**
**കെ.വി.സുരേഷ് ബാബു**
**സഹകരണസംഘം രജിസ്ട്രാറുടെ ചുമതല**
**വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)**

**ANNEXURE I**

**Details of waiver and relief provided, certificates issued and fresh loans issued**

**Periodicity : One time** (to be submitted by all lending institutions **by 31 March 2013)**

Name of the Bank/ lending institution:
Name of the branch :
District :

*(To be prepared by each branch of StCB/CCB/SCARDB, each PCARDB/PACS and each branch of RRB. HO of RRBs to consolidate the data in respect of all their branches. HO of SCARDB to consolidate the data in respect of all its branches/PCARDBS affiliated to it. HO of CCBs to consolidate the data in respect of all its branches and PACS affiliated to it. StCB to consolidate the data in respect of all its branches and all CCBs affiliated to it. StCB, SCARDB and RRBs to submit a consolidated report to RO of NABARD).*

(Amt.Rs.)

| Total number of agriculture loan accounts disbursed during 1 April 1997 to 31 March 2007 | Total number of agriculture loan accounts overdue as on on 31 Dec 2007 | Total number of agriculture loan accounts overdue and remaining unpaid as on 29 Feb 2008 | Total number of agricultural loan accounts eligible for waiver/relief satisfying norms at columns (a), (b) and (c) | Total number of beneficiary accounts provided Debt Waiver / Relief out of column (d) @ | Total number of agriculture loan accounts not provided the benefits of waiver/relief (d)-(e) | No. of certificates issued out of (e) | No of fresh loans issued out of (e) |
|---|---|---|---|---|---|---|---|
| a | b | c | d | e | f | g | h |
| | | | | | | | |

@ including waiver / relief provided through Grievance Redressal Mechanism

Prepared by : (Name and Designation) (Signature with date)

Verified by: (Name and Designation) (Signature with date)

Certified by : (Name and Designation) (Signature with date)

**Annexure II**

**Details of defects/discrepancies observed during the re-verification exercise**

*(To be prepared by each branch of StCB/CCB/SCARDB and also by each PCARDB/PACS and submitted to the CO/HO of the respective agency. HO of RRBs to consolidate the data in respect of all their branches and HO of SCARDB/StCB to consolidate the data in respect of lower tiers and submit a consolidated statement covering all branches/units to RO of NABARD by* ***30 April 2013)***

Name of the Bank/ lending institution:
Name of the branch :
District :

(Amt Rs)

| No. of accounts verified@ | Number of accounts in which irregularities are observed | Ineligible farmer accounts given benefit / benefits given for ineligible purposes/ Ineligible amount waived / ineligible amount of relief given/excess benefit given | | Less benefit given | | Eligible Farmer A/cs excluded@ | | Ineligible amount claimed $ | |
|---|---|---|---|---|---|---|---|---|---|
| | | No. of A/cs | Amt | No. of A/cs | Amt | No. of A/cs | Amt | No. of A/cs | Amt |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

@ Total number of agricultural loan accounts eligible for waiver/relief satisfying norms at columns (a), (b) and (c) of Annexure I
$ pertains to penal interest, folio charges, visit/inspection charges, interest for the period beyond the cut off date etc

Prepared by : (Name and Designation) (Signature with date)

Verified by: (Name and Designation) (Signature with date)

Certified by : (Name and Designation) (Signature with date)

**Annexure III**

(to be prepared by each branch/lending unit and certified by concurrent auditors / inspecting officers)

**Name of the Bank:**

**Name of the Branch:**

**PART A : Account wise details of ineligible/excess amount paid/claimed**

( Amt: Rs.)

| Sl no | Name of the borrower | Account number | Amount of waiver/relief originally extended | Purpose for which loan was sanctioned | Ineligible /excess amount paid | Ineligible amount claimed as reimbursement from GoI through NABARD @ | Remarks |
|---|---|---|---|---|---|---|---|
| | | | | | | | |

@ like penal interest/folio charges/visit charges/interest for the period beyond the cut off date etc.

**PART B : Account wise details of accounts not provided the eligible benefits / short payments made to eligible beneficiaries**

(to be prepared by each branch/lending unit and made available for inspecting officers/auditors)

( Amt: Rs.)

| Sl no | Name of the borrower | Account number | Purpose for which loan was sanctioned | Amount of waiver/relief originally extended, if any | Actual amount eligible towards waiver/relief, but not extended earlier | Amount of short payment made towards waiver/relief | Remarks |
|---|---|---|---|---|---|---|---|
| | | | | | | | |

@ like penal interest/folio charges/folio charges/interest for the period beyond the cut off date etc.

Prepared by : (Name and Designation) (Signature with date)

Verified by: (Name and Designation) (Signature with date)

Certified by : (Name and Designation) (Signature with date)

**ANNEXURE IV**

**Instances of tampering / overwriting / alterations of records, if any, observed during re-verification**
(to be prepared by each branch/lending unit and certified by concurrent auditors / inspecting officers)

Name of the Bank/ lending institution:
Name of the branch :
District :

(Amt Rs)

| Name of the borrower | Account number | Purpose | Amount | Nature of irregularities observed | Whether responsibility fixed on erring officials | Whether disciplinary proceedings initiated against erring officials? | Whether FIR, if applicable, lodged ? | Remarks |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

Prepared by : (Name and Designation) (Signature with date)

Verified by: (Name and Designation) (Signature with date)

Certified by : (Name and Designation) (Signature with date)

**ANNEXURE - V**

## Details of refunds made to NABARD RO - Position as on 12 March 2013

Name of the Bank
State / UT :

(Amt Rs)

| Date of refund to NABARD RO. | Amount refunded to NABARD | Brief description about the refund made (whether the refund is on account of C&AG observation or on account of re-verification exercise may be specified) |
|---|---|---|
| | | |
| | | |
| | | |
| | | |

Signature of authorised official :

Name and Designation :

Date:

**ANNEXURE VI**

## Progress in undertaking the revisiting exercise

*(to be submitted by SCARDB/StSCB/RRBs to RO of NABARD by 25th of every month)*

Name of the Bank

Name of the State / UT : Month :

(Amt. Rs)

| Total number of agricultural loan accounts eligible for waiver/relief satisfying the norms at columns (a), (b) and (c) of Annexure I @ | No. of A/cs verified upto 25Th of the month (to specify) | No of A/Cs where irregularities were found # | Amount involved/ to be recovered | Amount recovered and passed on to NABARD | Amount to be paid to eligible farmers * | Ineligible amount claimed as reimbursement from NABARD $ | Amount extended to MFIs instead of to beneficiaries directly and reimbursement claimed from NABARD |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |

@ including waiver / relief provided through Grievance Redressal Mechanism
#Ineligible farmer accounts given benefit / benefits given for ineligible purposes/ineligible amount waived / ineligible amount of relief given/excess benefit given
*Less benefit given/Eligible Farmer A/cs excluded
$ Penal interest, folio charges, visit/inspection charges, interest for the period beyond the cut off date etc

(Amt. Rs)

| No of accounts where evidence of tampering/alteration/ overwriting etc were observed | Whether responsibility fixed on the erring officials in cases of tampering/alteration/overwriting etc. | Whether action taken on erring officials | Whether criminality detected | Whether FIR lodged. If yes, number of FIR filed | If FIR not filed, reasons therefore |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

Signature of authorised official with date :

Name and Designation :

**Annexure V**

**Certificate**

*(to be submitted by the checking/inspecting officials/auditors in the letter head of the Bank)*

(i) I, -----------------(name), --------------------( designation) certify havin revisited the ADWDRS, 2008 exercise and re- verified all agricultur loan accounts, as on the cut off dates indicated in the schem guidelines, and also the list of beneficiaries who were extended th benefits of waiver and relief under the Scheme and

(ii) have found deficiencies / shortcomings, which were not in conformit with ADWDRS, 2008 guidelines, as per details given in th statements attached hereto.

**or**

(iii) have not found any deficiencies / shortcomings and all the waiver an relief extended earlier were in order and in conformity with ADWDRS 2008 guidelines.

Signature with Date
Name and Designation

Office Seal

**AnnexureVIII**

**Certificate**

*(to be submitted by the checking / inspecting officials / auditors in the letter head of the Bank)*

I, ------------------(name), ---------------------( designation), entrusted with the responsibility of inspection/ auditing, certify having revisited the ADWDRS, 2008 exercise and re-verified all agricultural loan accounts, as on the cut off dates indicated in the scheme guidelines, and also the list of beneficiaries who were extended the benefits of waiver and relief in terms of ADWDRS, 2008 guidelines and certify that the statement made by the Brach Manager of the RRB / Secretary of PACS / Branch Manager of the CCB branch / Secretary of PCARDB in the certificate are in order, subject to the following ( to specify)

Signature :

Name:

Designation:

Institution:

Date: